**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1411

30.01.2018- ൽ
മറുപടിയ്ക്ക്

## റീ സർവ്വേ നമ്പർ 291/2 ൽപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥാവകാശം

| ചോദ്യം<br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ)കാസർകോട് താലൂക്കിലെ ചെങ്കളയിൽ റീ സർവ്വേ നമ്പർ:291/2 ൽപ്പെട്ട 90 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ;<br>ബി) ഈ സ്ഥലം ഇപ്പോഴത്തെ ഉടമസ്ഥന് എങ്ങനെ ലഭിച്ചതാണെന്ന് വ്യക്തമാക്കാമോ; | എ) & ബി) | ചെങ്കള വില്ലേജിൽ റീ.സർവ്വെ നമ്പർ 291/2 ൽപ്പെട്ട 90 സെന്റ് സ്ഥലം സർക്കാർ ഭൂമിയാണ്. പ്രസ്തുത ഭൂമിയ്ക്ക് ആർക്കും പട്ടയം നൽകിയിട്ടില്ല. |
| സി) 27-07-1975 ലെ LA 47/71 നമ്പർ ഫയൽ പ്രകാരം ഈ സ്ഥലം ആർക്കെങ്കിലും ഭാഗിച്ചുകൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>ഡി) എങ്കിൽ ആർക്കാണ് ഭാഗിച്ചു കൊടുത്തതെന്നും ഭൂമിക്ക് നിശ്ചയിച്ച വില എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;<br>ഇ) നിശ്ചയിച്ച വില ബന്ധപ്പെട്ടയാൾ അടച്ചിട്ടുണ്ടോ എന്നും എപ്പോഴാണ് അടച്ചതെന്നും വ്യക്തമാക്കാമോ; | സി) ഡി) & ഇ) | ശ്രീ.അബ്ദുൾ ഖാദർ എന്നവർക്ക് റീ.സർവ്വെ നമ്പർ 291/2 ൽപ്പെട്ട 90 സെന്റ് സ്ഥലത്തിന് പതിവ് ഉത്തരവ് നൽകുകയും പതിവ് തുകയായ 489/- രൂപ ഒടുക്കുവാൻ 27.07.1975 ൽ ഒ.എ പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെങ്കിലും 29.01.1977-ൽ 235.50 രൂപ മാത്രമാണ് ടിയാൻ ഒടുക്കിയിട്ടുള്ളത്. |
| എഫ്) ഈ ഭൂമിയ്ക്ക് പട്ടയം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; | എഫ്) | ഈ ഭൂമിയ്ക്ക് ആർക്കും പട്ടയം നൽകിയിട്ടില്ല |
| ജി) ഇല്ലെങ്കിൽ പട്ടയം നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | ജി) | എൽ.എ.കുടിശ്ശിക ഒടുക്കുന്നതിലെ കാലതാമസം മാപ്പാക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിനുശേഷം, ശ്രീ.അബ്ദുൾ ഖാദർ തന്റെ കൈവശത്തിലുള്ള സ്വന്തം ഭൂമി മകന് കൈമാറ്റം ചെയ്തതിനാൽ സർവ്വെ നമ്പർ 291/2-ൽപ്പെട്ട 90 സെന്റ് സ്ഥലത്തിന് പട്ടയം നൽകാൻ സാധ്യമല്ല എന്ന് ജില്ലാ കളക്ടറുടെ 10.03.2016 തീയതിയിലെ സി3-30233/11 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**